# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഒക്ടോബർ 12

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തുന്ന എട്ടാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2015 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ നവംബർ ആറുമുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/984/2020)

## അപേക്ഷ തീയതി

രണ്ടാം സെമസ്റ്റർ എം.എ., എം.എസ്സി., എം.കോം, എം.സി.ജെ., എം.എച്ച്.എം., എം.എം.എച്ച്., എം.എസ്.ഡബ്ല്യു, എം.ടി.എ., എം.ടി.ടി.എം. (സി.എസ്.എസ്. - 2019 അഡ്മിഷൻ റഗുലർ, 2016, 2017, 2018 അഡ്മിഷൻ സപ്ലിമെന്ററി, 2013, 2014, 2015 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയ്ക്ക് ഒക്ടോബർ 27 മുതൽ നവംബർ അഞ്ചുവരെ പിഴയില്ലാതെ അപേക്ഷിക്കാം. 525 രൂപ പിഴയോടെ നവംബർ ഏഴുമുതൽ 11 വരെയും 1050 രൂപ സൂപ്പർഫൈനോടെ നവംബർ 13 മുതൽ 17 വരെയും അപേക്ഷിക്കാം. ആദ്യ മേഴ്സി ചാൻസിന് (2015 അഡ്മിഷൻ) 5250 രൂപയും രണ്ടാം മേഴ്സി ചാൻസിന് (2014 അഡ്മിഷൻ) 7350 രൂപയും അവസാന മേഴ്സി ചാൻസിന് (2013 അഡ്മിഷൻ) 10500 രൂപയും സ്പെഷൽ ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. റഗുലർ വിദ്യാർഥികൾ കോളേജ് വഴിയും 2017-18 അഡ്മിഷൻ വിദ്യാർഥികൾ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ് രജിസ്ട്രേഷൻ പോർട്ടൽ വഴിയും മറ്റ് സപ്ലിമെന്ററിക്കാർ epay.mgu.ac.in എന്ന വെബ്സൈറ്റ് വഴിയും ഫീസടയ്ക്കണം. 2017 അഡ്മിഷൻ വരെയുള്ള എം.എസ് സി - അസിസ്റ്റന്റ് രജിസ്ട്രാർ 8 (പരീക്ഷ), എം.എ., എം.കോം - അസിസ്റ്റന്റ് രജിസ്ട്രാർ 9 (പരീക്ഷ), എം.എസ് സി., എം.സി. ജെ. - അസിസ്റ്റന്റ് രജിസ്ട്രാർ 12 (പരീക്ഷ), എം.എസ്.ഡബ്ല്യു, എം.എച്ച്.എം., എം.എം.എച്ച്., എം.ടി.എ., എം.ടി.ടി.എം. - അസിസ്റ്റന്റ് രജിസ്ട്രാർ 22 (പരീക്ഷ) എന്നിവർക്ക് അപേക്ഷ നൽകണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/985/2020)

## വൈവാവോസി

2019 നവംബറിൽ നടന്ന എൽ.എൽ.എം. ഓഫ് കാമ്പസ് (സെമസ്റ്റർ/ വാർഷിക സ്കീം) പരീക്ഷകളുടെ പ്രൊജക്ട് മൂല്യനിർണയം/ഡിസർട്ടേഷൻ/വൈവാവോസി എന്നിവ ഒക്ടോബർ 22ന് സർവകലാശാല സിൽവർ ജൂബിലി പരീക്ഷഭവനിൽ നടക്കും. വിദ്യാർഥികൾ പ്രൊജക്ട്/തീസിസ്, ഹാൾടിക്കറ്റ്, തിരിച്ചറിയൽ രേഖകൾ എന്നിവയുമായി എത്തണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/986/2020)

2019 നവംബറിൽ നടന്ന എം.കോം. ഓഫ് കാമ്പസ് പരീക്ഷകളുടെ പ്രൊജക്ട് മൂല്യനിർണയം/ഡിസർട്ടേഷൻ/വൈവാവോസി എന്നിവ ഒക്ടോബർ 23ന് സർവകലാശാല സിൽവർ ജൂബിലി പരീക്ഷഭവനിൽ നടക്കും. വിദ്യാർഥികൾ പ്രൊജക്ട്/തീസിസ്, ഹാൾടിക്കറ്റ്, തിരിച്ചറിയൽ രേഖകൾ എന്നിവയുമായി എത്തണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/987/2020)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. ക്ലിനിക്കൽ ന്യൂട്രിഷൻ ആന്റ് ഡയറ്ററ്റിക്സ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 27 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/988/2020)

## സഹകരണ ബാങ്ക് ജൂനിയർ ക്ലാർക്ക് ഓൺലൈൻ മാതൃക പരീക്ഷ

സഹകരണ സർവീസ് പരീക്ഷ ബോർഡ് നടത്തുന്ന ജൂനിയർ ക്ലാർക്ക് പരീക്ഷയ്ക്കായി മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ ഓൺലൈൻ മാതൃക പരീക്ഷ നടത്തുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 0481-2731025 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യണം.

(പി.ആർ.ഒ/39/989/2020)

## എം.ജി.യിൽ നൈപുണ്യ വികസന സർട്ടിഫിക്കറ്റ് ഡിപ്ലോമ പ്രോഗ്രാമുകൾ; അപേക്ഷ ഒക്ടോബർ 18 വരെ

യു.ജി.സി. ദേശീയ നൈപുണ്യ യോഗ്യത ഫ്രെയിംവർക്ക് പദ്ധതി പ്രകാരം മഹാത്മാഗാന്ധി സർവകലാശാല ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട്ടേം പ്രോഗ്രാംസ് പുതുതായി ആരംഭിക്കുന്ന നൈപുണ്യ വികസന സർട്ടിഫിക്കറ്റ്, ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക് ഓൺലൈനായി അപേക്ഷിക്കാം. ആറുമാസത്തെ സർട്ടിഫിക്കറ്റ് ഇൻ ഡിജിറ്റൽ മാർക്കറ്റിംഗ്, ഒരുവർഷത്തെ ബേക്കറി ആന്റ് കോൺഫെക്ഷണറി ഡിപ്ലോമ, ഡേറ്റ ആന്റ് ബിസിനസ് അനലെറ്റിക്സ്, ഫുഡ് പ്രോസസിംഗ് ആന്റ് ക്വാളിറ്റി അഷ്വറൻസ് പി.ജി. ഡിപ്ലോമ എന്നീ പ്രോഗ്രാമുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. www.dasp.mgu.ac.in എന്ന വെബ്സൈറ്റിലൂടെ ഒക്ടോബർ 18 വരെ ഓൺലൈനായി അപേക്ഷിക്കാം.

സർട്ടിഫിക്കറ്റ് ഇൻ ഡിജിറ്റൽ മാർക്കറ്റിംഗിനും ഡിപ്ലോമ ഇൻ ബേക്കറി ആന്റ് കോൺഫെക്ഷണറിക്കും പ്ലസ്ടുവാണ് യോഗ്യത. യഥാക്രമം 45, 30 സീറ്റാണുള്ളത്. പി.ജി. ഡിപ്ലോമ ഇൻ ഡേറ്റ ആന്റ് ബിസിനസ് അനലെറ്റിക്സിന് സ്റ്റാറ്റിസ്റ്റിക്സ്, മാത്തമാറ്റിക്സ്, മാനേജ്മെന്റ്, ഇക്കണോമിക്സ്, കൊമേഴ്സ്, എൻജിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ്, ഐ.ടി., അനുബന്ധ വിഷയങ്ങളിൽ ബിരുദമാണ് യോഗ്യത. മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് എന്നിവ പ്ലസ്ടു തലത്തിലോ ബിരുദതലത്തിലോ പഠിച്ചിരിക്കണം. 45 സീറ്റാണുള്ളത്.

പി.ജി. ഡിപ്ലോമ ഇൻ ഫുഡ് പ്രോസസിംഗ് ആന്റ് ക്വാളിറ്റി അഷ്വറൻസിന് ഫുഡ് സയൻസ് ആന്റ് ന്യൂട്രിഷൻ, ഫുഡ് സയൻസ് ആന്റ് ടെക്നോളജി, ബയോടെക്നോളജി, ബയോകെമിസ്ട്രി, മൈക്രോബയോളജി, കെമിസ്ട്രി എന്നിവയിലുള്ള ബി.എസ് സി., ബി.വോക്, എം.എസ് സി. അല്ലെങ്കിൽ ഫുഡ് ടെക്നോളജി, ബയോടെക്നോളജി, ലൈഫ് സയൻസിൽ 50 ശതമാനം മാർക്കോടെ ബി.ടെക്, എം.ടെക് ജയമാണ് യോഗ്യത. 30 സീറ്റാണുള്ളത്. വിശദവിവരം വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2731066.

(പി.ആർ.ഒ/39/990/2020)

## അയ്യങ്കാളി ഓൺലൈൻ പ്രഭാഷണ പരമ്പര

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് സോഷ്യൽ സയൻസും യു.ജി.സി. സ്ട്രൈഡും സംഘടിപ്പിക്കുന്ന മഹാത്മാ അയ്യങ്കാളി ഓൺലൈൻ പ്രഭാഷണ പരമ്പരയുടെ ഭാഗമായി ഒക്ടോബർ 15ന് കാനഡ മൗണ്ട് സെന്റ് വിൻസന്റ് സർവകലാശാലയിലെ എമിരറ്റസ് പ്രൊഫസറും അയ്യങ്കാളി ചെയറുമായ

ഡോ. ജോസഫ് താരമംഗലം പ്രഭാഷണം നടത്തും. വൈകീട്ട് ആറിന് 'കോവിഡ് 19 കാലത്തെ സാമൂഹികശാസ്ത്ര സങ്കല്പങ്ങൾ' എന്ന വിഷയത്തിലാണ് പ്രഭാഷണം. സൂം പ്ലാറ്റ്ഫോമിലൂടെ പങ്കെടുക്കാം. ലിങ്ക് : https://us02web.zoom.us/j/85490164039?pwd=TGhJYjBQVjVJcVZsaFNkaEtBcVdjQT09, മീറ്റിംഗ് ഐഡി: 854 9016 4039, പാസ്‌വേഡ്: 720820

**എ. അരുൺകുമാർ**
പബ്ലിക്‌റിലേഷൻസ്‌ഓഫീസർ